# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 298 — 13.03.2017-ലെ മറുപടിയ്ക്ക്

### തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.പാറക്കൽ അബ്ദുല്ല<br>ശ്രീ. ടി. വി. ഇബ്രാഹിം<br>ഡോ.എം. കെ. മുനീർ | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ ലക്ഷ്യം വയ്ക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്; | (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ഭരണഘടനാപരമായ ചുമതലകളും ഉത്തരവാദിത്തങ്ങളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനും കേരളത്തിൽ നടപ്പാക്കിയ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങളുടെ അന്തസത്തയ്ക്കനുസൃതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനും തെരഞ്ഞെടുക്കപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണസമിതിയോട് ഉത്തരവാദപ്പെട്ട് പ്രവർത്തിക്കുന്ന ഭരണ നിർവ്വഹണ സംവിധാനം ഉറപ്പാക്കുന്നതിനും തദ്ദേശ സ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ കഴിയും എന്നു കരുതുന്നു.<br>ജില്ലാ ആസൂത്രണ സമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും അതിലൂടെ സമഗ്ര ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനും തദ്ദേശ സ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ കഴിയും എന്നു കരുതുന്നു. |
| (ബി) തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഒരു കമ്മീഷന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ കമ്മീഷന്റെ ചുമതലകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) തദ്ദേശ സ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതിന് ലോക്കൽ ഗവൺമെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിന് സഹായകരമായ കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിനാണ് കമ്മീഷനെ ചുമതലപ്പെടുത്തിയിരിക്കുന്നത്. |

Beena

സെക്ഷൻ ഓഫീസർ

✓